ഇലക്ട്രിസിറ്റി ബോർഡ് എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയനിൽനിന്നും ലഭിച്ച നിവേദനം

* 588. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റിബോർഡിലെ ജൂനിയർ എൻജിനീയർ തസ്തികയിലേക്കുള്ള റിക്രൂട്ടുമെന്റും പ്രമോഷനും സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡ് എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയനിൽനിന്നും വല്ല നിവേദനവും സർക്കാരിനു ലഭിച്ചിരുന്നോ ;

(ബി) ഗവണ്മെന്റു പുറപ്പെടുവിച്ച 1955 മാർച്ചു 12-ാം തീയതിയിലെ (E. L2-12035/53/P. W. C.) ഓർഡറിനു വിപരീതമായിട്ടാണോ ബോർഡ് 13-10-1962 മുതൽ പ്രമോഷൻ നൽകിവരുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ലഭിച്ചിരുന്നു.

(ബി) നിലവിലുള്ള ഗവണ്മെന്റു് ഓർഡറിനു വിപരീതമായിട്ടാണു് ഇലക്ട്രിസിറ്റിബോർഡു് 13-12-62-മുതൽ പ്രമോഷൻ നടത്തിയിട്ടുള്ളതു് എന്നു പറയുവാൻ നിവൃത്തിയില്ല. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഈ നിയമം ശരിക്കും പാലിക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന വൈഷമ്യങ്ങളും, ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ചില വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചു എന്നു പറഞ്ഞുവല്ലോ ? ആ വൈഷമ്യങ്ങൾ എന്തെല്ലാമാണു് ?

ശ്രീ. ആർ. ശങ്കർ : അതിന്റെ ഡീറ്റെയിൽസ് എന്റെ കൈവശമില്ല.

ആശുപത്രികളിലേക്കു് ആവശ്യമുള്ള സ്റ്റാഫ്

* 589. [4] ശ്രീ. പി. സി. ആഗിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ആശുപത്രിയിലേക്കും ആവശ്യമുള്ള സ്റ്റാഫ് ഇന്നു് ഉണ്ടോ ;

(ബി) കുന്നത്തൂർ താലൂക്കിൽ എത്തെല്ലാം ആശുപത്രികളാണുള്ളതു് ;

(സി) പ്രസ്തുത ആശുപത്രികളിൽ ആവശ്യമുള്ള സ്റ്റാഫ് ഇന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) മിക്കവാറും എല്ലാ ആശുപത്രികളിലും ഉണ്ടു്.

(ബി) 1. താലൂക്കു് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, അടൂർ.
2. ഗവണ്മെന്റു ഡിസ്പെൻസറി, ശാസ്താംകോട്ട.
3. ഗവണ്മെന്റു ഡിസ്പെൻസറി, കടമ്പനാട്ടു്.
4. പ്രൈമറി ഹെൽത്തു് സെന്റർ, ശൂരനാട്ടു്.
5. ഗവണ്മെന്റു ഡിസ്പെൻസറി, ചന്ദനപ്പള്ളി.
6. ടി. എം. ഡിസ്പെൻസറി, കുടൽ.

(സി) ഉണ്ടു്.

---

* Put by Shri R. Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly